**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 331** **16-09-2025 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | രണ്ടാം വിള (മാർച്ച് മാസം) നെല്ല് സംഭരണ തുക ഇനിയും കർഷകർക്ക് പൂർണമായും കൊടുത്ത് തീർക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; സംഭരണ തുക യഥാസമയം ലഭിക്കാത്തതിനാൽ ഈ വർഷത്തെ ഒന്നാംവിള ഇറക്കാതെ കർഷകർ വിട്ട് നിൽക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | നിലവിലെ (2024-25 സംഭരണ സീസണിൽ) ഒന്നാംവിളയിൽ 412.40 കോടി രൂപയുടെയും രണ്ടാംവിളയിൽ 1232.66 കോടി രൂപയുടെയും ചേർത്ത് ആകെ 1645.07 കോടി രൂപയുടെ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ നാളിതുവരെ 1402 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തു കഴിഞ്ഞു. കർഷകർക്ക് ഈ സംഭരണ വർഷം സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തു തീർക്കുന്നതിനാവശ്യമായ തുക സപ്ലൈകോ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ഈ ആഴ്ചതന്നെ കർഷകർക്ക് തുക പൂർണ്ണമായും കൊടുത്തു തീർക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | നെല്ലിന്റെ താങ്ങ് വില വർധിപ്പിക്കുമെന്ന പ്രഖ്യാപനങ്ങൾ പലഘട്ടങ്ങളിൽ പറഞ്ഞെങ്കിലും ഇപ്പോഴും കിലോഗ്രാമിന് 28.20 രൂപ മാത്രമാണ് കർഷകർക്ക് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ നിരക്ക് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ; നിരക്ക് വർധന പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | അഗ്രികൾച്ചറൽ പ്രൈസ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് താങ്ങുവില നിശ്ചയിക്കുന്നത്. താങ്ങുവില വർദ്ധിപ്പിക്കണം എന്നതു തന്നെയാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. ദേശീയതലത്തിൽ താങ്ങ് വില ഒരേ നിരക്കിൽ പ്രഖ്യാപിക്കുന്നതിനാൽ സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ പരിഗണിക്കപ്പെടുന്നില്ല എന്നത് ഉൾപ്പെടെ ചൂണ്ടിക്കാണിച്ചുകൊണ്ട് അതിൽ വർദ്ധനവ് ആവശ്യമാണെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ ഇത് പരിഗണിക്കാതിരിക്കുകയും താങ്ങുവില അപര്യാപ്തം ആയിരിക്കുകയും ചെയ്യുന്നതിനാലാണ് കേരളത്തിലെ കർഷകരെ സഹായിക്കാൻ സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസ് കൂടി ചേർത്ത് സംഭരണ വില നൽകുന്നത്. |

സെക്ഷൻ ഓഫീസർ